# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1272** **12.06.2014-ൽ മറുപടിക്ക്**

## തിരുവല്ല ബൈപാസ് റോഡിന്റെ നിർമ്മാണത്തിന് നിലവിലുള്ള തടസ്സങ്ങൾ

| ചോദ്യം<br>ശ്രീ. മാത്യു റ്റി.തോമസ് | | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|---|
| (എ) തിരുവല്ല ബൈപാസ് റോഡിന്റെ നിർമ്മാണത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് ;<br>(ബി) ഹരിത ട്രൈബ്യൂണലിൽ നിന്നും പ്രസ്തുത വിഷയം സംബന്ധിച്ച് സ്റ്റേ നിലവിലുണ്ടോ ; | (എ) & (ബി) | ദേശീയഹരിത ട്രൈബ്യൂണലിൽ ഫയൽ ചെയ്ത 263/13- നമ്പർ കേസിൽ റോഡിന്റെ തൽസ്ഥിതി (statusquo) തുടരുവാൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ നിലവിൽ W.A.104/14 നമ്പർ കേസിൽ സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള തർക്കവും നിലവിലുണ്ട്. |
| (സി) സ്ഥലമെടുപ്പ് നടപടികൾ തടസ്സപ്പെടുത്തുന്നതിന് ബഹു:ഹൈക്കോടതിയിൽ റിട്ട് നൽകിയ വ്യക്തികൾ തന്നെയാണോ ഹരിത ട്രൈബ്യൂണലിനെ സമീപിച്ചത് ; | (സി) | അല്ല. |
| (ഡി) ആരാണ് ട്രൈബ്യൂണലിലെ ഹർജിക്കാരൻ ; | (ഡി) | ശ്രീ. ജേക്കബ്ബ് ജോർജ്ജ്, വയസ്സ് 57. (ശ്രീ. കെ.റ്റി. ജോർജ്ജിന്റെ മകൻ) കൊടിയാട്ട് വീട്, മുത്തൂർ പി.ഒ. തിരുവല്ല - 689107 എന്ന വ്യക്തിയാണ് ഹർജിക്കാരൻ. |
| (ഇ) സ്റ്റാറ്റസ് കോ ഉത്തരവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന ഘട്ടത്തിൽ കെ.എസ്.ടി.പി.യും സർക്കാരും എതിർ സത്യവാങ്മൂലങ്ങൾ സമർപ്പിച്ചിട്ടില്ല എന്ന വിമർശനം ശരിയാണോ; ട്രൈബ്യൂണലിലെ കേസ്സിൽ എന്തെങ്കിലും ഉത്തരവ് താൽക്കാലികമായി പുറപ്പെടുവിച്ചിട്ടുണ്ടോ ; | (ഇ) | ഉണ്ട്. തിരുവല്ല ബൈപ്പാസിന്റെ ഇപ്പോഴത്തെ സ്ഥിതി തുടരണമെന്നുള്ള (statusquo) ഉത്തരവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ അനുവാദത്തോടെ കെ.എസ്.ടി.പി സത്യവാങ്മൂലങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (എഫ്) തമിഴ്നാട് സർക്കാരിന്റെ ജി.പി മാത്രമാണ് ആ ഘട്ടത്തിൽ ട്രൈബ്യൂണലിൽ ഹാജരായത് എന്നത് ശരിയാണോ; | (എഫ്) ശരിയല്ല. |
| (ജി) സ്ഥലമെടുപ്പിനുള്ള വില കോടതിയിൽ കെട്ടി വയ്ക്കുന്നതിൽ വീഴ്ച ഉണ്ടായോ; കെട്ടി വച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ; | (ജി) സ്ഥലവില കോടതിയിൽ കെട്ടി വച്ചിട്ടില്ല. സ്ഥലമെടുപ്പിനാവശ്യമായ തുക റവന്യൂ വകുപ്പിനു കൈമാറിയിട്ടുണ്ട്. |
| (എച്ച്) പണം കെട്ടിവയ്ക്കാത്തതു മൂലം സ്ഥലമെടുപ്പ്വിജ്ഞാപനം റദ്ദ് ചെയ്യണം എന്ന് ബഹു. ഹൈക്കോടതിയിൽ ആവശ്യം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എച്ച്) ഉണ്ട്. |
| (ഐ) പണികൾ ഊർജ്ജിതമായി നടത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | (ഐ) ദേശീയഹരിത ട്രിബ്യൂണലിൽ നിലവിലുള്ള കേസ് തീർപ്പായ ശേഷം മാത്രമേ പണികൾ തുടരുവാൻ സാധിക്കുകയുള്ളൂ. ഹൈക്കോടതി നിർദ്ദേശം അനുസരിച്ച് ജില്ലാകളക്ടറെ സ്ഥലമേറ്റെടുപ്പ് പ്രശ്നത്തിൽ ബന്ധപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2014 സെപ്റ്റംബർ മാസത്തോടെ പണി പുനരാരംഭിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ